**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** — **27-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരള ബാങ്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരളാ ബാങ്ക് നിലവിൽ വന്നതിന് ശേഷം കേരളത്തിന്റെ വികസനത്തിന് സമഗ്രമായ ഇടപെടൽ ആണ് കേരളാ ബാങ്ക് നടത്തിവരുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ വിധത്തിൽ വിവിധങ്ങളായ നിക്ഷേപ, വായ്പാ പദ്ധതികൾ കേരളാ ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണത്തിനു ശേഷം ബാങ്കിന്റെ നിക്ഷേപത്തിലും വായ്പകളിലും മൂലധനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. Concessional Refinance മൂന്ന് മടങ്ങായി വർദ്ധിച്ചു. 2018-19 ൽ 2842.25 കോടി രൂപയായിരുന്നത് 2021-22 ൽ 8982.20 കോടി രൂപയായി വർദ്ധിച്ചു. വ്യക്തികൾക്കും സംഘങ്ങൾക്കും നല്കുന്ന വായ്പയുടെ പലിശയിൽ 1 ശതമാനം മുതൽ 4 ശതമാനം വരെ കുറവ് വരുത്തുവാൻ കഴിഞ്ഞു. മറ്റ് എല്ലാ സംസ്ഥാനങ്ങളിലും KCC വായ്പ 7 ശതമാനത്തിന് നല്കുമ്പോൾ കേരളത്തിൽ അത് 6 ശതമാനത്തിന് നല്കുവാൻ സാധിച്ചു.<br><br>എല്ലാവിധ ജനവിഭാഗങ്ങൾക്കും, സംഘങ്ങൾക്കുമായി 45 ഓളം വായ്പാ പദ്ധതികൾ നടപ്പിലാക്കി. ഇപ്രകാരം സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയതലത്തിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവ സമാഹരണവും വികസനവും ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക |

| | | | |
|---|---|---|---|
| | | | നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരത രംഗത്തുണ്ടായ മുന്നേറ്റം, മാർഗ്ഗ നിർദ്ദേശ പാലന രീതി, മികച്ച ലാഭ നേട്ടം തുടങ്ങി വിവിധ മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് NAFSCOB ൽ നിന്നും കേരളാ ബാങ്കിന് അവാർഡ് ലഭിച്ചത്.<br><br>31/03/2020 ൽ ആകെ നിക്ഷേപം 61037.59 കോടി രൂപ ആയിരുന്നത് 31.03.2022 ൽ 69907.12 കോടി രൂപയായി വർദ്ധിച്ചു. ബാങ്കിന്റെ ആകെ വായ്പ 31.03.2020 ൽ 40156.82 കോടി രൂപ ആയിരുന്നത് 31.03.2022 ൽ 40950.04 കോടി രൂപയായി വർദ്ധിച്ചു. ഓഹരി മൂലധനം 1652.09 കോടി രൂപയിൽ നിന്നും 2042.08 കോടി രൂപയായി വർദ്ധിച്ചു. മൂലധന പര്യാപ്തത 31.03.2020 ലെ 6.77 ശതമാനത്തിൽ നിന്നും 31.03.2022 ൽ 10.01 ശതമാനമായി വർദ്ധിച്ചു.<br><br>എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും സഹകരണ മേഖലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിനായി ഇൻഫോസിസ് കമ്പനിയുടെ ലോകത്തിലെ തന്നെ ഏറ്റവും മികച്ച CBS ൽ ഒന്നായ Finacle 10X നടപ്പിലാക്കുന്നതിന് M/s Wipro യെ ചുമതലപ്പെടുത്തുകയുണ്ടായി. സംസ്ഥാന സഹകരണ ബാങ്കിന്റെയും മലപ്പുറം ഒഴികെയുള്ള മുൻ ജില്ലാ സഹകരണ ബാങ്കുകളുടേയും ഡേറ്റാ പൂർണ്ണമായും 26.12.2022 തീയതിയിൽ ഏകീകൃത CBS ൽ മാറ്റുകയുണ്ടായി. നിലവിൽ കേരള ബാങ്കിന്റെ എല്ലാ ശാഖകളും ഏകീകൃത CBS ൽ ആണ് പ്രവർത്തിക്കുന്നത്. CBS interface മുഖേനയുള്ള അനുബന്ധ IT പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടു കൂടി ബാങ്കിംഗ് മേഖലയിലെ എല്ലാ ആധുനിക സേവനങ്ങളും സഹകരണ മേഖലയിലെ ഇടപാടുകാർക്ക് ലഭ്യമാകും. ടി സേവനങ്ങൾക്ക് ആവശ്യമായ വിവിധ റെഗുലേറ്ററി അനുമതികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | കേരള ബാങ്കിന്റെ രൂപീകരണത്തിനുശേഷം നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ലക്ഷ്യം കണ്ടിരുന്നോ; വിശദമാക്കുമോ; | (ബി) | കേരള ബാങ്കിന്റെ രൂപീകരണത്തിന് ശേഷം നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും അപ്രകാരം ജില്ലകളിൽ നല്ല രീതിയിലുള്ള പ്രവർത്തനം നടന്നു വരികയും ചെയ്യുന്നുണ്ട്. ആക്ഷൻ പ്ലാൻ (SMA(Special Mentioned Asset) Management, NPA Recovery) പ്രകാരമുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | **കാര്യക്ഷമമായി നടപ്പിലാക്കിയതോടെ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.** |
| (സി) | സംസ്ഥാനത്ത് കേരള ബാങ്കിന്റെ നേതൃത്വത്തിൽ കോവിഡ് കാലത്ത് നടത്തിയ സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | **കോവിഡ് പ്രതിസന്ധിയിൽ സാധാരണക്കാരന്റെയും കർഷകന്റെയും ചെറുകിട ഇടത്തരം സംരംഭകരുടേയും വരുമാനം ഉയർത്തുന്നതിന്റെ ഭാഗമായി വിവിധങ്ങളായ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലഘു ജാമ്യ വ്യവസ്ഥയിൽ നടപ്പിലാക്കിയ കെ.ബി സുവിധ പ്ലസ് വായ്പാ പദ്ധതി മുഖേന 5.00 ലക്ഷം രൂപ വരെ ഉല്പാദന, സേവന, വിപണന മേഖലയിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ഉപജീവനത്തിനായി ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നവർക്കും, ബസ് ഉടമകൾക്കും വായ്പാ സഹായം നല്കി വരുന്നുണ്ട്. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CMHLS) ബാങ്കിൽ നടപ്പിലാക്കിയിരുന്നു. ടൂറിസം മേഖലയിലെ ജീവനക്കാർക്ക് KB ടൂറിസം ഗോൾഡ് സ്വർണ്ണപ്പണയ വായ്പാ പദ്ധതി പലിശ സബ്സിഡിയോടെ നടപ്പിലാക്കിയിരുന്നു. കൂടാതെ, ടൂറിസം മേഖലയിലെ സംരംഭകർക്കായി KB ടൂറിസം ടേം ലോൺ വായ്പാ പദ്ധതിയും പലിശ സബ്സിഡിയോടുകൂടി നടപ്പിലാക്കിയിരുന്നു.** |

സെക്ഷൻ ഓഫീസർ